# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 129 04.02.2013 - ൽ മറുപടിക്ക്**

**കബോട്ടാഷ് നിയമത്തിൽ ഇളവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്; | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് കബോട്ടാഷ് നിയമത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഇത് സംബന്ധിച്ച് ഇന്ത്യാ ഗവൺമെന്റിൽ നിന്നും അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഒരു 'ട്രേയ്ഡ് സർക്കുലർ' 21.12.2012-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടി കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ഒരു ദിവസം 2740 കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള കപ്പാസിറ്റി കൊച്ചിൻ പോർട്ട് ട്രസ്റ്റിനുണ്ടെങ്കിലും നിലവിൽ 1200 കണ്ടെയ്നറുകളെ മാത്രമേ കൈകാര്യം ചെയ്യുന്നുള്ളൂ. കബോട്ടാഷ് നിയമത്തിൽ ഇളവ് അനുവദിക്കുന്നതു വഴി ICTT - യുടെ കപ്പാസിറ്റി പൂർണ്ണമായി ഉപയോഗിക്കാൻ കഴിയും . അതുവഴി CFS Activity, Ware housing. Trucking, Bunkering, Ship Supplies and Repairs എന്നിവ കൂടുതലായി നടക്കും.<br><br>ചുരുക്കത്തിൽ, കബോട്ടാഷ് നിയമത്തിൽ ഇളവു നൽകുന്നതു വഴി കൂടുതൽ |

കപ്പലുകളെ തീരദേശ കപ്പൽ ഗതാഗതത്തിന് ലഭ്യമാക്കാൻ സാധിക്കുകയും അതുവഴി തീരദേശ കപ്പൽ ഗതാഗതത്തിന് നിലവിലുള്ള സമയവും ചെലവും കുറയ്ക്കാൻ കഴിയുകയും ചെയ്യും. ഇളവ് അനുവദിക്കുന്നതു വഴി ടെർമിനലിലേക്ക് കൂടുതൽ കപ്പലുകളെ ആകർഷിക്കാനും കൂടുതൽ ചരക്കുകൾ കൈകാര്യം ചെയ്യാനും അതുവഴി എല്ലാ മേഖലയിലുമുള്ള വളർച്ചയ്ക്കും കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

(സി) എന്തെല്ലാം നിബന്ധനകളോടെയാണ് ഇളവ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) കണ്ടെയ്നറുകൾ നൂറു ശതമാനം റേഡിയോളജിക്കൽ സ്കാനിംഗിനു വിധേയമാക്കേണ്ടതുണ്ട്. X-Ray സ്കാനിംഗുകൾ ഉൾപ്പെടെയുള്ള മറ്റു സ്കാനിംഗുകൾ സംബന്ധിച്ച് ഇന്ത്യാ ഗവൺമെന്റ് അപ്പപ്പോൾ പുറപ്പെടുവിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. എൻഫോഴ്സ്മെന്റ് ഏജൻസികൾക്ക് ഏതുസമയത്തും കപ്പലുകളിൽ കയറി പരിശോധന നടത്തുന്നതിനുള്ള അധികാരം ഉണ്ട്.

(ഡി) ടെർമിനലിന്റെ വികസനത്തിനും കയറ്റിറക്കുമതിക്കും ഇളവ് എത്രമാത്രം സഹായകരമാകുമെന്നത് സംബന്ധിച്ച് വിശദമാക്കുമോ?

(ഡി) ഒരു ദിവസം 2740 കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള കപ്പാസിറ്റി കൊച്ചിൻ പോർട്ട് ട്രസ്റ്റിനുണ്ടെങ്കിലും നിലവിൽ 1200 കണ്ടെയ്നറുകളെ മാത്രമേ കൈകാര്യം ചെയ്യുന്നുള്ളൂ. കബോട്ടാഷ് നിയമത്തിൽ ഇളവ് അനുവദിക്കുന്നതു വഴി

ICTT - യുടെ കപ്പാസിറ്റി
പൂർണ്ണമായി ഉപയോഗിക്കാൻ
കഴിയും . അതുവഴി CFS
Activity, Ware housing.
Trucking, Bunkering, Ship
Supplies and Repairs
എന്നിവ കൂടുതലായി നടക്കും.

ചുരുക്കത്തിൽ, കബോട്ടാഷ്
നിയമത്തിൽ ഇളവു
നൽകുന്നതു വഴി കൂടുതൽ
കപ്പലുകളെ തീരദേശ കപ്പൽ
ഗതാഗതത്തിന് ലഭ്യമാക്കാൻ
സാധിക്കുകയും
അതുവഴി തീരദേശ കപ്പൽ
ഗതാഗതത്തിന് നിലവിലുള്ള
സമയവും ചെലവും
കുറയ്ക്കാൻ കഴിയുകയും
ചെയ്യും. ഇളവ്
അനുവദിക്കുന്നതു വഴി
ടെർമിനലിലേക്ക് കൂടുതൽ
കപ്പലുകളെ ആകർഷിക്കാനും
കൂടുതൽ ചരക്കുകൾ
കൈകാര്യം ചെയ്യാനും
അതുവഴി എല്ലാ
മേഖലയിലുമുള്ള
വളർച്ചയ്ക്കും കൂടുതൽ
വരുമാനം ലഭ്യമാക്കുന്നതിനും
സാധ്യമാകുമെന്നാണ്
പ്രതീക്ഷിക്കപ്പെടുന്നത്.

Sally

സെക്ഷൻ ഓഫീസർ